LIBRARY ARCHIVES Kerala Legislative Assembly

പ്ലാക്കാട് അംബേദ്ക്കർ കോളനി നിവാസികൾക്ക് പട്ടയം

107 [1327] ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുവത്തൂർ നിയോജകമണ്ഡലത്തിലെ പ്ലാക്കാട് അംബേദ്ക്കർ കോളനി നിവാസികൾക്ക് പട്ടയം ലഭ്യമാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാറിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ എത്ര കുടുംബങ്ങൾക്കാണ് പട്ടയം നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇവർക്ക് കഴിവതുംവേഗം പട്ടയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത സ്ഥലം ഹരിജനക്ഷേമ വകുപ്പിനുവേണ്ടി പൊന്നുംവിലയ്ക്കെടുത്തിട്ടുള്ളതായതിനാൽ പതിച്ചു കൊടുക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അനുമതി ആവശ്യമാണെന്നും ടി വകുപ്പിന്റെ അനുമതി കൂടാതെ പതിച്ചു കൊടുക്കരുതെന്നും കൊല്ലം ജില്ലാ പട്ടികജാതി പട്ടികവർഗ്ഗ വികസന ആഫീസർ കൊല്ലം ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

(ബി) എട്ടു കുടുംബങ്ങൾ പ്രസ്തുത സ്ഥലത്ത് കൈയേറ്റം നടത്തിയിട്ടുണ്ടെന്നാണ് നാളിതുവരെയുള്ള റിപ്പോർട്ട്. അവർക്ക് ഹരിജനക്ഷേമ വകുപ്പിന്റെ അനുമതി കിട്ടിയാൽ പട്ടയം നൽകാവുന്നതാണ്.

(സി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

ഇടുക്കി ജില്ലയിലെ റവന്യൂ ഭൂമി കയ്യേറ്റം

108 [1328] ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ടി.എം.ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ വിവിധ ഭാഗങ്ങളിലായി റവന്യൂ ഫോറസ്റ്റ് ഭൂമി കയ്യേറുന്നതായും, വ്യാജ പട്ടയങ്ങൾ നൽകുന്നതായും പോലീസ് ഇന്റലിജൻസ് വിഭാഗം അഡീഷണൽ ഡയറക്ടർ 2004-ൽ ഇടുക്കി ജില്ലാ കളക്ടറെ അറിയിച്ചിരുന്നോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഇടുക്കി ജില്ലയിലെ റവന്യൂ ഫോറസ്റ്റ് ഭൂമി കയ്യേറ്റം, വ്യാജ പട്ടയ നിർമ്മാണം എന്നിവയെ സംബന്ധിച്ച് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ ?